I.ഇ.ബി. XII-കേരള നിയമസഭ/VII-1

**പന്ത്രണ്ടാം കേരള നിയമസഭ**

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2008 ഫെബ്രുവരി 20, ബുധൻ

പന്ത്രണ്ടാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2008 ഫെബ്രുവരി മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് നിയമസഭാഹാളിൽ ആരംഭിച്ചു.

ഗവർണ്ണറുടെ പ്രസംഗം.

നിയമസഭാമന്ദിരത്തിന്റെ പ്രധാന കവാടത്തിൽ രാവിലെ 8.55-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. ആർ.എൽ. ഭാട്ടിയയെ ബഹുമാനപ്പെട്ട സ്പീക്കറും നിയമസഭാസെക്രട്ടറിയും ചേർന്ന് സ്വീകരിച്ച് സ്പീക്കറുടെ വേദിയിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറും ബഹുമാനപ്പെട്ട സ്പീക്കറും അദ്ധ്യക്ഷവേദയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയഗാനം ആലപിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്തശേഷം 9.00 മണിക്ക് പ്രസംഗം ആരംഭിച്ചു.

(ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് പ്രതിപക്ഷാംഗങ്ങൾ അല്പസമയം ബഹളം വച്ചു.)

ഗവർണ്ണറുടെ പ്രസംഗം രാവിലെ 10.13 വരെ നീണ്ടുനിന്നു.

പ്രസംഗം പൂർത്തിയാക്കിയശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയഗാനം ആലപിക്കപ്പെട്ടു.

ദേശീയഗാനാലാപനത്തിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാനപ്പെട്ട സ്പീക്കർ, നിയമസഭാസെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാമന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശാനുസരണം ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ നിയമസഭാസാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2008 ഫെബ്രുവരി 25, 26, 27 തീയതികളിൽ നടക്കുന്നതാണെന്നും പ്രമേയത്തിന് ഭേദഗതികൾ നൽകാൻ ഉദ്ദേശിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അതിനുള്ള നോട്ടീസ് 2008 ഫെബ്രുവരി 23-ാം തീയതി ശനിയാഴ്ച രാവിലെ 11.00 മണിക്ക് മുമ്പ് നിയമസഭാസെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

സഭ രാവിലെ 10.21-ന് പിരിഞ്ഞു.

************************